## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

9.11.2016 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 793

### കയർ മേഖലയുടെ വികസനത്തിന് ദ്വിമുഖതന്ത്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.അടൂർ പ്രകാശ് | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) കയർ മേഖലയുടെ വികസനത്തിന് 'ദ്വിമുഖതന്ത്രം' പ്രയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും ബാധിക്കില്ലെന്നുറപ്പാക്കി യും അവരുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടും നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി യന്ത്രവത്ക്കരണം നടപ്പിലാക്കുന്ന ദ്വിമുഖതന്ത്രം വകുപ്പിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. |
| ബി) കയർ മേഖലയുടെ വ്യാവസായിക പുരോഗതിക്ക് ആധുനികവൽക്കരണവും യന്ത്രവൽക്കരണവും എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിവരിക്കുമോ? | ബി) & സി)<br>പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ഒരുതരത്തിലും ബാധിക്കില്ലെന്ന് ഉറപ്പാക്കി നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി കയർ മേഖലയിൽ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതാണ്. ഇതിനായി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് ചെറുകിട ഉൽപ്പാദകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലക്ക് സംഭരിച്ച് റിബേറ്റ് നൽകി ഇവ വിറ്റഴിക്കും. നിലവിൽ 17 കോടി രൂപയായിരുന്ന ക്രയവില സ്ഥിരതാഫണ്ട് 100 കോടി രൂപയായി ഉയർത്തി പുതിയ ബജറ്റിൽ പ്രഖ്യാപിച്ചു. നാളിതുവരെ 27 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.<br><br>യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിച്ചിട്ടുള്ള 15 HP ഡീഫൈബറിംഗ് മെഷീൻ, വില്ലോയിംഗ് മെഷീൻ, സ്ക്രീനർ, കൺവെയർ സിസ്റ്റം, ബെയിലിംഗ് പ്രസ്സ്, പിത്ത് ബ്രിക്കറ്റിംഗ് ഡൈ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ട് സ്പൂളിംഗ് മെഷീൻ എന്നിവ അടങ്ങിയ ഇന്റഗ്രേറ്റഡ് കയർ പ്രോസ്സസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ |

| | |
|---|---|
| | സ്വീകരിച്ചു വരുന്നു. പുതിയ ഡീഫൈബറിംഗ് മെഷീനുകൾക്ക് 50% സബ്സിഡി, തൊണ്ട് സംഭരണത്തിനു പിന്തുണ, ഉൽപ്പന്ന മേഖല യിലെ യന്ത്രവത്കൃത ഫാക്ടറികൾക്ക് 10% അധിക സബ്സിഡി എന്നിവ (കയർ ബോർഡിന്റെ സഹായത്തിനു പുറമെ) നൽകു ന്നതാണ്. |

സെക്ഷൻ ഓഫീസർ